# ജ്യോത്സ്യം നിഷിദ്ധം

ഇമാം ക്വതാദﷺ പറഞ്ഞു: ‘‘അല്ലാഹു ഈ നക്ഷത്രങ്ങളെ സൃഷ്ടിച്ചത് മുന്ന് കാര്യങ്ങൾക്ക് വേണ്ടിയാണ്. ആകാശത്തിന് അലങ്കാരം, ശൈത്വാന്മാരെ ആട്ടിയോടിക്കുവാൻ, ദിക്കുകൾ മന സ്സിലാക്കുവാനുള്ള അടയാളങ്ങൾ എന്നിവയാണവ. അവകളിൽ ഇതല്ലാത്ത വല്ലതിനേയും ആരെങ്കിലും വ്യാഖ്യാനിച്ചാൽ അവനു തെറ്റുപറ്റുകയും, തന്റെ പ്രതിഫലവിഹിതം നഷ്ടപ്പെടുത്തുകയും, തനിക്ക് അറിവില്ലാത്ത കാര്യത്തിൽ അതിരുവിടുകയുമാണ് ചെ യ്തത്.’’ (ബുഖാരി)

ഇമാം ക്വതാദﷺ ചന്ദ്രന്റെ ക്ഷയവൃദ്ധികളെക്കുറിച്ച് പഠിക്കു ന്നത് വെറുത്തിരുന്നു. ഇമാം ഇബ്നു ഉയയ്നﷺവും അതിൽ ഇളവ് അനുവദിച്ചിട്ടില്ല. രാശിമണ്ഡലങ്ങളെ കുറിച്ച് പഠിക്കുന്നതിൽ ഇമാം അഹ്മദ്ﷺവും ഇമാം ഇസ്ഹാക്ﷺവും ഇളവ് അനുവദിച്ചിട്ടുണ്ട്.

അബൂമൂസാﷺ വിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«ثلاثة لا يدخلون الجنة: مدمن الخمر، وقاطع الرحم، ومصدق بالسحر»

‘‘മൂന്നുകൂട്ടർ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. മുഴു കുടിയൻ, കുടുംബബന്ധം മുറിക്കുന്നവൻ, സിഹ്റിനെ സത്യപ്പെടുത്തുന്നവൻ.’’[1]

**<u>ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:</u>**

- നക്ഷത്രങ്ങൾ സൃഷ്ടിക്കപ്പെട്ടതിന്റെ ഹിക്മത്ത്.
- ഇസ്ലാം വിവരിച്ചതിനുമപ്പുറം കാര്യങ്ങൾ ജൽപ്പിക്കുന്നവർക്കുള്ള മറുപടി.

[1] മുസ്നദു അഹ്മദ്. സ്വഹീഹു ഇബ്നി ഹിബ്ബാൻ. അൽബാനി ഹദീഥിനെ ‘സ്വഹീഹാ’ക്കിയിരിക്കുന്നു.

- ‘മനാസിൽ’ (ചന്ദ്രന്റെ ക്ഷയവൃദ്ധികളെക്കുറിച്ചും രാശിമണ്ഡലങ്ങളെക്കുറിച്ചും) പഠിക്കുന്നതിലുള്ള അഭിപ്രായവ്യത്യാസങ്ങൾ ഉണർത്തൽ.
- ‘സിഹ്റി’ൽനിന്ന് വല്ലതും സത്യപ്പെടുത്തുന്നവർക്കുള്ള താക്കീത്; അവ നിരർത്ഥകമാണെന്ന് അറിഞ്ഞിട്ടാണെങ്കിലും.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**